(സി) ഇക്കാര്യത്തിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ യൂണിഫോം നിഷ്കർഷിച്ചിട്ടുള്ള ജീവനക്കാർക്ക് യൂണിഫോം നൽകുന്നതിന് സ്പോൺസർമാരെ കണ്ടെത്തുന്ന കാര്യം കെ.എസ്.ആർ.ടി.സി.-യുടെ പരിഗണനയിലാണ്. മാനദണ്ഡങ്ങൾ തീരുമാനിച്ചിട്ടില്ല.

പുതിയ ബസ് റൂട്ടുകൾ

231(1216) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഈ വർഷം പുതിയ ബസ് റൂട്ടുകൾ ആരംഭിക്കാൻ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ് നിയന്ത്രണങ്ങൾ അവസാനിക്കുന്ന മുറയ്ക്ക് യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമായ റൂട്ടുകളിൽ സാധ്യതാപഠനം നടത്തി പുതിയ ബസ് റൂട്ടുകൾ ആരംഭിക്കുന്നത് പരിശോധിക്കുന്നതാണ്.

(ബി) പച്ചോളി-കൊളാവിപ്പാലം-വടകര റൂട്ടിൽ സർവീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സിന്റെ സർവ്വീസ് പുനരാരംഭിക്കാൻ സാധ്യതയുണ്ടോ; വിശദമാക്കാമോ?

കോവിഡ് നിയന്ത്രണങ്ങൾമൂലം യാത്രക്കാരുടെ എണ്ണത്തിൽ വലിയ കുറവ് അനുഭവപ്പെട്ടതിനാൽ പച്ചോളി - കൊളാവിപ്പാലം - വടകര റൂട്ടിൽ കെ.എസ്.ആർ.ടി.സി.- സർവ്വീസ് നിർത്തിവച്ചിട്ടുണ്ട്. കോവിഡ് നിയന്ത്രണങ്ങൾ മാറുന്ന മുറയ്ക്ക് യാത്രക്കാരുടെ ആവശ്യം വിലയിരുത്തി സർവ്വീസ് പുനരാരംഭിക്കുന്നതാണ്.

(സി) കൊയിലാണ്ടിയിൽനിന്ന് ഉള്ള്യേരി, പേരാമ്പ്ര, തൊട്ടിൽപ്പാലം വഴി വയനാട്ടിലേയ്ക്ക് ഒരു പുതിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് അനുവദിക്കണമെന്ന അപേക്ഷ കോർപ്പറേഷൻ പരിഗണിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ?

സാദ്ധ്യതാപഠനം നടത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്

LIBRARY ARCHIVES Kerala Legislative Assembly